നം.CEIA/5307/2024-PL2(PLG)

ചീഫ് എൻജിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തിയതി:19-11-2024

<u>സർക്കുലർ</u>

വിഷയം : ജലസേചനം - ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എൻജിനീയർമാരെ നിരാക്ഷേപപത്രം നൽകുന്നതിന് ഇറിഗേഷൻ ഓഫീസർ ആയി നിയമിക്കുന്നത് സംബന്ധിച്ച്.

പരാമർശം :

1. കേസ് നം W.P.(C) No 30737/2022 ലെ ബഹുമാനപ്പെട്ട കേരള ഹൈ കോടതിയുടെ നിർദ്ദേശം.

2. സർക്കാർ ഉത്തരവ് നം G.O(P) No 1/2016/WRD തിയതി 14/01/2016

കേരള ഇറിഗേഷൻ & വാട്ടർ കോൺസെർവഷൻ ആക്ട് 2003 ലെ സെക്ഷൻ 40(2) പ്രകാരം, ഇറിഗേഷൻ ഓഫീസറുടെ രേഖാമൂലമുള്ള അനുമതിയില്ലാതെ ഒരു വ്യക്തിയും പാലം. അണക്കെട്ട്, ചെക്ക് ഡാം അല്ലെങ്കിൽ സർക്കാർ ഉടമസ്ഥതയിലോ, നിയന്ത്രണത്തിലോ അല്ലെങ്കിൽ. ഒരു പ്രാദേശിക അതോറിറ്റി അല്ലെങ്കിൽ മറ്റേതെങ്കിലും അതോറിറ്റി പരിപാലിക്കുന്നത് ആയ കെട്ടിടം അല്ലെങ്കിൽ നിർമ്മാണ പ്രവൃത്തിയുടെ, ഒരു കിലോമീറ്റർ ചുറ്റളവിൽ സ്ഫോടകവസ്തുക്കൾ ഉപയോഗിച്ച് ഖനനം അല്ലെങ്കിൽ ക്വാറി പ്രവർത്തനം നടത്താൻ പാടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് സൂചന(2) പ്രകാരം എക്സിക്യൂട്ടീവ് എൻജിനീയർമാരെ ഇറിഗേഷൻ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈ കോടതിയുടെ നിർദേശപ്രകാരം (സൂചന(1) ) അധികാര പരിധിയിൽ കൂടുതൽ വ്യക്തത വരുത്തുന്നതിലേക്കും ഖനനം അല്ലെങ്കിൽ ക്വാറി പ്രവർത്തനം സംബന്ധിച്ച നിരാക്ഷേപപത്രത്തിന്മേൽ തീരുമാനമെടുക്കുന്നതിലേക്കായി അതാത് ജില്ലകളിലെ മേജർ ഇറിഗേഷനിലെ എക്സിക്യൂട്ടീവ് എൻജിനീയർമാരെ ഇറിഗേഷൻ ഓഫീസറായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. മേജർ ഇറിഗേഷൻ ഡിവിഷൻ ഇല്ലാത്ത ജില്ലകളിൽ മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കു ആയിരിക്കും പ്രസ്തുത അധികാരം

ചീഫ് എഞ്ചിനീയർ

പകർപ്പ്:-

1. സൂപ്രണ്ടിങ് എഞ്ചിനീയർ,ഇറിഗേഷൻ സൗത്ത് സർക്കിൾ തിരുവനന്തപുരം/ഇറിഗേഷൻ

നോർത്ത് സർക്കിൾ കോഴിക്കോട്/ഇറിഗേഷൻ സെൻട്രൽ സർക്കിൾ തൃശ്ശൂർ.

2. സൂപ്രണ്ടിങ് എഞ്ചിനീയർ,മൈനർ ഇറിഗേഷൻ സൗത്ത് സർക്കിൾ തിരുവനന്തപുരം /മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ എറണാകുളം/മൈനർ റിഗേഷന് നോർത്ത് സർക്കിൾ കോഴിക്കോട്.
3. എല്ലാ മൈനർ/മേജർ എക്സിക്യൂട്ടീവ് എൻജിനീയര്മാർക്കും.
4. സ്പെഷ്യൽ ഗവണ്മെന്റ് പ്ലീഡർ (ഇറിഗേഷൻ) .അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം.എറണാകുളം